**പതിനാലാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1027** **25.01.2018-ൽ മറുപടിക്ക്**

## കടകളിലും ഷോപ്പിങ്ങ് മാളുകളിലും ജോലി ചെയ്തു വരുന്ന തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം. സ്വരാജ് : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്തെ കടകളിലും ഷോപ്പിങ്ങ് മാളുകളിലും ജോലി ചെയ്തു വരുന്ന തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) കുറഞ്ഞ വേതനം, വർദ്ധിച്ച ജോലി ഭാരം, വിശ്രമമില്ലായ്മ, പ്രാഥമിക കൃത്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം, എന്നിവ നിമിത്തം ഇവർക്ക് അർഹമായ നീതി നിഷേധിക്കപ്പെടുന്നത് തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നു എന്ന് അറിയിക്കുമോ; | (ബി) കുറഞ്ഞ വേതനം, അമിത ജോലി ഭാരം, വിശ്രമമില്ലായ്മ എന്നീ പ്രശ്നങ്ങൾ തൊഴിലാളികൾ നേരിടുന്നതായി സ്ഥാപന പരിശോധകൾ നടത്തുമ്പോഴോ പരാതികളിൽ നിന്നോ ബോധ്യപ്പെടുന്ന അവസരത്തിൽ നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിക്കാറുണ്ട്. ജീവനക്കാർക്ക് മിനിമം വേതനം ലഭ്യമാകുന്നു എന്ന് ഉറപ്പ് വരുത്തുന്നതിനായി വേതന-സുരക്ഷാപദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 2017-ൽ 46374 സ്ഥാപന പരിശോധനകൾ നടത്തുകയും 6089 പ്രോസിക്യൂഷൻ, 558 ക്ലെയിം പെറ്റീഷൻ എന്നിവ ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. ആയതിൽ 27 എണ്ണം ജീവനക്കാരുടെ പ്രാഥമിക കർത്തവ്യ നിർവഹണത്തിന് സൗകര്യം ഏർപ്പെടുത്താത്തത് സംബന്ധിച്ചുള്ളതാണ്. |
| (സി) ഇവരുടെ ഇത്തരം മൗലികമായ ആവശ്യങ്ങൾ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ അവയുടെ വിശദാംശം വ്യക്തമാക്കാമോ? | (സി) സ്വീകരിക്കും. സംസ്ഥാന തൊഴിൽ വകുപ്പിലെ അസിസ്റ്റന്റ് ലേബർ ആഫീസർമാർ എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ ഭാഗമായി സ്വകാര്യ സ്ഥാപനങ്ങളിൽ പരിശോധന നടത്തി വിവിധ തൊഴിൽ നിയമ പ്രകാരമുള്ള ആനുകൂല്യങ്ങൾ ജീവനക്കാർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താറുണ്ട്. |

കൂടാതെ ജീവനക്കാർക്ക് വിശ്രമ സൗകര്യം, ഹോസ്റ്റൽ സൗകര്യം, ക്രഷ് എന്നീ വ്യവസ്ഥകൾ ഉൾപ്പെടുത്തി 1960 ലെ കേരള കടകളും വാണിജ്യ സ്ഥാപനങ്ങളും നിയമത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ സ്ഥാപന പരിശോധനകൾ നടത്തുമ്പോൾ ടി സ്ഥാപനങ്ങളിൽ തൊഴിലാളികൾക്ക് കുറഞ്ഞ വേതനം, വർദ്ധിച്ച ജോലി ഭാരം, വിശ്രമമില്ലായ്മ തുടങ്ങിയ തൊഴിൽ നിയമലംഘനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ നോട്ടീസ് നൽകി നിയമ നടപടികൾ ഉൾപ്പെടെയുള്ള തുടർനടപടികൾ സ്വീകരിക്കുന്നു.

സെക്ഷൻ ഓഫീസർ.